**അടിയന്തരപ്രമേയം**

മി. സ്പീക്കർ: സൂര്യനെല്ലി കേസിൽ പുനരന്വേഷണം ആവശ്യപ്പെട്ട് ഇന്നലെ നിയമസഭാ കവാടത്തിലേയ്ക്ക് മാർച്ച് നടത്തിയ വിവിധ മഹിളാ സംഘടനകളുടെ നേരെ പോലീസ് നടത്തിയതായി പറയപ്പെടുന്ന ആക്രമണത്തിൽ എം.എൽ.എ.മാരായ ശ്രീമതി ഇ. എസ്. ബിജിമോൾ, ശ്രീമതി ഗീതാ ഗോപി എന്നിവർ ഉൾപ്പെടെയുള്ള വനിതാ നേതാക്കൾക്ക് പരിക്കേറ്റതിനെത്തുടർന്ന് ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. സി. ദിവാകരൻ, മാത്യൂ. റ്റി. തോമസ്, എ. എ. അസീസ്, തോമസ് ചാണ്ടി, ശ്രീമതി കെ. കെ. ലതിക, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പോലീസ് എനിക്ക് തന്നിട്ടുള്ള റിപ്പോർട്ട് ആദ്യം പറയാം. അതിനുശേഷം ചർച്ചയിൽ എന്തെങ്കിലും പുതിയതായി പറയുകയാണെങ്കിൽ അതിനുള്ള മറുപടി ആ സമയത്ത് പറയാം. ഇവിടെ സാധാരണഗതിയിൽ രാഷ്ട്രീയ കക്ഷിഭേദമില്ലാതെ ഒരു പ്രതിഷേധ സമരത്തിനും നിയമസഭാ കവാടത്തിനുമുന്നിലുള്ള സ്ഥലം വേദിയാക്കാറില്ല. പ്രസ്തുത സ്ഥലം സഭയുടെ അന്തസ്സിനെ മാനിച്ച് ഒഴിവാക്കുകയെന്നതാണ് കാലാകാലങ്ങളായി ഇവിടെ തുടർന്നുവരുന്ന പതിവ്. 06.02.2013-ൽ നടന്ന പ്രകടനത്തെ സംബന്ധിച്ച് സംഘടനകൾ ഒരു മുന്നറിയിപ്പും നേരത്തെ ഗവൺമെന്റിന് നൽകിയിരുന്നതുമില്ല. രണ്ടുമൂന്ന് പേരടങ്ങുന്ന സംഘങ്ങളായി ഏതാണ്ട് പതി

നഞ്ചോളം വനിതകൾ ജി.വി. രാജാ പവലിയന്റെ ഭാഗത്തുനിന്ന് ഓടിയെത്തി പോലീസ് വലയം ഭേദിച്ച് നിയമസഭയുടെ പ്രധാന കവാടത്തിൽ വന്നെത്താൻ ശ്രമിച്ചു. ഈ സമയം കൂടുതൽ വനിതാ പോലീസുകാർ മെയിൻ ഗേറ്റിലെത്തി നിയമസഭ മന്ദിരത്തിലേയ്ക്ക് തള്ളിക്കയറുവാൻ ശ്രമിച്ച ദേശീയ ജനാധിപത്യ മഹിളാ അസ്സോസിയേഷൻ പ്രവർത്തകരെ മെയിൻ ഗേറ്റിന് മുന്നിലുള്ള റോഡിൽ തടഞ്ഞു. ഇതുകണ്ട് വികാസ് ഭവൻ, ഹനുമാൻ കോവിൽ എന്നീ ഭാഗങ്ങളിൽനിന്നും 75-ഓളം വനിതകൾ കൂടുതലായി എത്തുകയും ശ്രീ. പി. ജെ. കുര്യൻ രാജിവയ്ക്കുക തുടങ്ങിയ മുദ്രാവാക്യ ങ്ങൾ മുഴക്കി എല്ലാവരും ചേർന്ന് ശക്തിയായി പോലീസ് വലയം ഭേദിക്കാൻ ശ്രമിച്ചു. ഇതിനിടയിൽ നിയമസഭാ മന്ദിരത്തിനകത്തുനിന്ന് പുറത്തേയ്ക്കു വന്ന ബഹുമാനപ്പെട്ട എം.എൽ.എ-മാരായ ശ്രീമതി കെ.കെ. ലതിക, ശ്രീമതി പി. അയിഷാ പോറ്റി എന്നിവരും പുറത്തുനിന്നും ശ്രീമതി ടി. എൻ. സീമ എം. പി, മുൻ മന്ത്രി ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, മുൻ എം.എൽ.എ. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എന്നിവരും സമരക്കാരോടൊപ്പം ചേർന്ന് സമര ത്തിന് നേതൃത്വം നൽകി. നിയമസഭാ കവാടത്തിനുള്ളിലേയ്ക്ക് തള്ളിക്കയ റാൻ ശ്രമിച്ച സമരക്കാരെ മറ്റ് അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിനായി ജനപ്രതിനിധികളെയും മുൻനിരനേതാക്കന്മാരെയും ഒഴിവാക്കി ബാക്കിയുള്ള വരെ നീക്കം ചെയ്യുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ നടന്നു. നന്ദാവനം എ.ആർ. ക്യാമ്പിലേയ്ക്ക് കൊണ്ടുപോകുവാൻ ശ്രമിക്കുന്നതിനിടെ നേതാ ക്കളും ബാക്കി പ്രവർത്തകരും പോലീസ് വാഹനത്തിന് മുന്നിൽ നിന്ന് തടസ്സം സൃഷ്ടിച്ച് മുദ്രാവാക്യം വിളിച്ചു. തുടർന്ന് പോലീസ് ഉദ്യോഗസ്ഥന്മാർ ഈ ആളുകൾക്ക് വലയം സൃഷ്ടിച്ച് പോലീസ് വാഹനം നന്ദാവനം എ.ആർ.

ക്യാമ്പിലേയ്ക്ക് കൊണ്ടുപോയി. അപ്രകാരം 76 സമരക്കാരെ രണ്ട് പ്രാവശ്യമായി നന്ദാവനം എ. ആർ. ക്യാമ്പിലെത്തിച്ചു. എ.ആർ. ക്യാമ്പിൽ കൊണ്ടുപോയ സമരക്കാരിൽ ചികിത്സ വേണമെന്ന് ആവശ്യപ്പെട്ട പത്ത് വനിതകളെ പോലീസ് ആംബുലൻസിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചു. അവർക്ക് ഉന്തിലും തള്ളിലും പെട്ട് നിസ്സാരമായ പരിക്കുകൾ മാത്രമേയുള്ളൂ, ഇതുസംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റും **വൂണ്ട്** സർട്ടിഫിക്കറ്റും എന്റെ കയ്യിലുണ്ട്. തുടർന്ന് ഉച്ചയ്ക്ക് 12.15 മണിയോടെ സമരം അവസാനിപ്പിച്ച് നേതാക്കൾ ജി. വി. രാജാ പവലിയൻ ഗേറ്റിലൂടെ പുറത്തിറങ്ങി അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന വനിതാ പോലീസുകാർ അവരെ തടഞ്ഞു നിർത്തിയപ്പോൾ സമരക്കാർ ഉച്ചത്തിൽ മുദ്രാവാക്യം വിളിച്ച് പോലീസ് വലയം ഭേദിക്കാൻ ശ്രമിച്ചു. സമരക്കാരെ പിന്തിരിപ്പിക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തിയെങ്കിലും അത് പരാജയപ്പെട്ടതിനാൽ വനിതാ പോലീസുകാരെ ഉപയോഗിച്ച് സമരക്കാരിൽ കുറച്ചുപേരെ നീക്കം ചെയ്ത് പോലീസ് ബസിൽ കയറ്റി വാഹനം മുന്നോട്ട് എടുക്കുവാൻ തുടങ്ങവേ സ്ഥലത്തുണ്ടായിരുന്ന ബഹുമാനപ്പെട്ട ശ്രീമതി ഇ. എസ്. ബിജിമോൾ സമരക്കാരുടെ കൂട്ടത്തിൽ നിന്ന് പോലീസ് തടഞ്ഞിട്ടും നിൽക്കാതെ അവരെ തള്ളിമാറ്റി ബസിന്റെ വശത്തും മുൻവശത്തും കൈകൊണ്ട് അടിച്ചശേഷം ബസിന് മുൻവശം റോഡിൽ കുറുകെ കിടന്ന് ബസിന് തടസ്സമുണ്ടാക്കി..... (ബഹളം)....

<u>മി. സ്പീക്കർ</u>: ശ്രീ. വി. എസ്. സുനിൽ കുമാർ,..........അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി ചോദിച്ചിരിക്കുകയാണ്. അതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയണം. അതിനുള്ള സന്ദർഭം കൊടുക്കണം. അദ്ദേഹത്തിന് പറയാനുള്ള സമയം കൊടുക്കണം. മന്ത്രി പറയുന്നത് കേൾക്കില്ലാ

യെന്നുള്ള ശാഠ്യം നല്ലതല്ല. അടിയന്തര പ്രമേയത്തിന് അവതരണാനുമതി ചോദിച്ച ശ്രീ. സി. ദിവകാരന് പറയാനുള്ളത് പറയാം. പക്ഷേ അതിന് മുമ്പ് മന്ത്രിക്ക് പറയാനുള്ളത് പറയണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഇതൊക്കെ കെട്ടിച്ചമച്ച് പറയുന്നതോ കള്ളം പറയുന്നതോ അല്ല. ഇന്നിറങ്ങിയ ദീപിക, മാതൃഭൂമി, മലയാള മനോരമ തുടങ്ങിയ പത്രങ്ങൾ നോക്കിയാൽ മതി. ഞാൻ ഇവിടെ വന്ന് പ്രത്യേകമായി എന്തെങ്കിലും സത്യവിരുദ്ധമായ കാര്യങ്ങൾ പറയുന്നതല്ല. ഇതുകൂടാതെ ഫോട്ടോകൾ ഉണ്ട്. ഇതെല്ലാം അങ്ങേയ്ക്ക് തരികയാണ്. ഇതോടൊപ്പം പോലീസുകാരെ തല്ലുന്ന പടം വരെ ഈ പത്രത്തിൽ വന്നിട്ടുണ്ട്. ഇതെല്ലാം പരിശോധിച്ച് നോക്കേണ്ടതാണ്. ..........(ബഹളം)...........

മി. സ്പീക്കർ: അടിയന്തര പ്രമേയത്തിന് മന്ത്രിക്ക് മറുപടി പറയണ്ടേ. മന്ത്രി സംസാരിക്കുമ്പോൾ ഗവൺമെന്റിനുവേണ്ടിയാണ് സംസാരിക്കുന്നത്. മന്ത്രി പറയുന്നത് പ്രതിപക്ഷത്തിന് കേൾക്കേണ്ടെങ്കിൽ ബഹളം ഉണ്ടാക്കൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: എവിടത്തെ എം.എൽ.എ-ആണ്, ഏത് എം.എൽ.എ ആണെന്ന് പോലീസുകാർ ചോദിച്ചതോ?

മി. സ്പീക്കർ: അതൊന്നും മന്ത്രി ചോദിച്ചിട്ടില്ലല്ലോ. ഈ സഭയിൽ ഗൗരവതരമായ വിഷയങ്ങൾ അവതരിപ്പിക്കുവാൻ വേണ്ടിയാണ് നിങ്ങൾ നോട്ടീസ് തന്നത്. അതിന് മന്ത്രി മറുപടി പറയണം.

ശ്രീ. എ. കെ. ബാലൻ: വണ്ടിയിൽവച്ച് എം.എൽ.എ-മാർ പോലീസിനെ തല്ലിയെന്ന് പറഞ്ഞു.

മി. സ്പീക്കർ: അങ്ങനെയൊന്നും ഹോംമിനിസ്റ്റർ പറഞ്ഞില്ല. പോലീസിനെ തല്ലിയെന്ന് മിനിസ്റ്റർ പറഞ്ഞിട്ടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ ഗവൺമെന്റിന്റെ കാലത്തല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പാസ്സാക്കിയ പോലീസ് ആക്ട് ഉണ്ട്. ആ പോലീസ് ആക്ടിലെ 40-ാം വ്യവസ്ഥ അനുസരിച്ച് അനധികൃതമായി കൂട്ടം കൂടിനിന്നാൽ അവരെ നീക്കം ചെയ്യുകയെന്നത് പോലീസിന്റെ ഉത്തരവാദിത്തമാണ്. ആ ഉത്തരവാദിത്തം ഉണ്ട് എന്നുപറയുന്ന ആ ബിൽ പൈലറ്റ് ചെയ്തത് ശ്രീ. കോടിയേരി ബാലകൃഷ്ണനാണ്. അന്നത്തെ ഗവൺമെന്റാണ്. ബില്ലിനകത്ത് പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ വച്ച് നടപടികൾ എടുക്കുന്നതല്ലാതെ ഈ ഗവൺമെന്റ് വേറെയൊന്നും ചെയ്യുന്നില്ല. ആ പാസ്സാക്കിയ നിയമത്തെ എതിർക്കുവാൻ പറ്റുമോ? അത് ഏകകണ്ഠമായി പാസ്സാക്കിയ നിയമമാണ്. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ പോലീസ് ആക്ടിൽ ജനപ്രതിനിധികളോട് മാന്യമായി പെരുമാറണമെന്ന് പറയുന്നുണ്ട്. അതിനനുസരിച്ച് പ്രവർത്തിക്കാൻ പോലീസിന് എന്തുകൊണ്ടാണ് സാധിക്കാത്തത്; പോലീസ് ആക്ടിൽ ഇതുപോലെ താലി പൊട്ടിക്കണമെന്ന് പറയുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ പോലീസ് ആക്ടിനകത്ത് ഇതുപോലെ (പത്രത്തിൽ വന്ന ഫോട്ടോ ഉയർത്തി കാണിച്ചുകൊണ്ട്) വണ്ടിയടിച്ച് പൊട്ടിക്കണമെന്ന് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? ഇല്ലല്ലോ. അതുകൊണ്ട് .....(ബഹളം)........

ശ്രീ. സി. ദിവാകരൻ: സർ, എം.എൽ.എ വണ്ടി അടിച്ച് പൊട്ടിക്കുന്നു എന്നുപറയുന്നത് കള്ളമാണ്, ശുദ്ധ അസംബന്ധമാണ്. മന്ത്രിയുടെ ആ പ്രസ്താവന പിൻവലിക്കണം.

മി. സ്പീക്കർ: എം. എൽ.എ വണ്ടി അടിച്ച് പൊട്ടിച്ചുവെന്ന് പറഞ്ഞില്ല. പത്രത്തിൽ വന്ന ഫോട്ടോയാണ് അദ്ദേഹം കാണിച്ചത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അങ്ങയോട് എല്ലാ ബഹുമാനവും വച്ചുകൊണ്ട് പറയുന്നു ഞാൻ എം.എൽ.എ-യുടെ പേര് പറഞ്ഞില്ല. ഞാൻ ദീപിക പത്രം കാണിച്ചതേയുള്ളൂ. ...........(ബഹളം)..............ഞാൻ പറഞ്ഞിട്ടില്ല. അങ്ങ് വേണമെങ്കിൽ പറഞ്ഞുകൊള്ളൂ.

മി. സ്പീക്കർ: പ്ലീസ് ............പ്ലീസ് ............. ......(ബഹളം)................

ശ്രീ. സി. ദിവാകരൻ: സർ, പൊതുമുതൽ നശിപ്പിക്കുന്നതിന് കേസ് എടുക്കണം. ..........(ബഹളം) .............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് നിർബന്ധിച്ചാൽ എടുക്കാം. അങ്ങ് നിർബന്ധിച്ചാൽ അങ്ങയുടെ മൊഴി രേഖപ്പെടുത്തിക്കൊണ്ട് അങ്ങനെയെടുക്കാം. അതല്ലാതെ ഞങ്ങൾ പ്രത്യേകമായി ...........(ബഹളം).......

മി. സ്പീക്കർ: എന്തായിത്? പ്ലീസ് ............പ്ലീസ് .............

ശ്രീ. സി. ദിവാകരൻ: ഭീഷണി വേണ്ട. ...........(ബഹളം).......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇവിടെ പ്രതിപക്ഷത്തുള്ള എം.എൽ.എ. മാരെ തുടർച്ചയായി അപമാനിക്കുകയാണ്. ...........(ബഹളം)........ പ്രതിപക്ഷത്തുള്ളത് തെണ്ടികളാണ്. ...........(ബഹളം).......

ശ്രീ. സി. ദിവാകരൻ: സർ, മൈക്ക് കൊടുക്കണം.

മി. സ്പീക്കർ: ഇങ്ങനെയാണോ മൈക്ക് കൊടുക്കുന്നത്. നിങ്ങൾ എഴുന്നേറ്റ് നിന്നാൽ മതി. നോ....നോ...പ്ലീസ്......... മിനിസ്റ്റർ ഇരുന്നില്ല. നിങ്ങളും മന്ത്രിമാരായി ഇരുന്നിട്ടുള്ള ആളുകളാണ്. അങ്ങനെ അവിടെ പുറകിൽ ഇരുന്നുകൊണ്ട് ഓർഡർ ചെയ്യുന്നതുപോലെയാണോ മൈക്ക് കൊടുക്കുന്നത്. ...........(ബഹളം)...........

<u>ശ്രീ. സി. ദിവാകരൻ</u>: ഞങ്ങൾ അഞ്ച് വർഷം ഭരിച്ചപ്പോൾ അങ്ങും ഇതുപോലെ ഇപ്പുറത്തിരുന്ന് ഇങ്ങനെയൊക്കെ പറഞ്ഞിട്ടില്ലേ? ...........(ബഹളം)............

<u>മി. സ്പീക്കർ</u>: അങ്ങനെയൊന്നും അങ്ങ് പറയണ്ട. ...........(ബഹളം)....... പ്ലീസ്...പ്ലീസ്.... നോ.... നോ.... പ്ലീസ്........ഒരു മിനിട്ട്. പ്ലീസ്.... പ്ലീസ്...... ശ്രീ. സി. ദിവാകരൻ, വാവിട്ട് പോകുന്ന വാക്ക് തിരിച്ചുകിട്ടില്ല. ഞാൻ അവിടെ ഇരുന്നതുപോലെയല്ല ഇവിടെ ഇരിക്കുന്നത്. ഇവിടെ ഞാൻ സ്പീക്കറായിട്ടാണ് ഇരിക്കുന്നത്. ...........(ബഹളം)....... യെസ്....യെസ്...... ശ്രീ. കോടിയേരി ബാലകൃഷ്ണൻ.

<u>ശ്രീ. സി. ദിവാകരൻ</u> : പിൻവലിച്ചു. ക്ഷമ ചോദിക്കുന്നു.

<u>മി. സ്പീക്കർ</u>: അങ്ങനെ വേണ്ട.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ഭരണപക്ഷത്തും പ്രതിപക്ഷത്തുമൊക്കെ ചിലപ്പോൾ അങ്ങോട്ടുമിങ്ങോട്ടുമൊക്കെ സംസാരമൊക്കെ വരും. പക്ഷേ നമ്മൾ മാന്യത കൈവിടാൻ പാടില്ല.

<u>മി. സ്പീക്കർ</u>: യെസ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ഇവിടെ ഭരണപക്ഷത്തുള്ള ആളുകൾ തുടർച്ചയായി പ്രതിപക്ഷത്തെ പ്രകോപിപ്പിക്കുകയും അപമാനിക്കുകയും ചെയ്യുന്നു. ഇന്നലെ ഗവൺമെന്റ് ചീഫ് വിപ്പ് പറഞ്ഞു, പ്രതിപക്ഷത്തുള്ള തെണ്ടികളാണ് ...........(ബഹളം)....... ഇറങ്ങി പോയിരിക്കുന്നത് എന്ന് അദ്ദേഹം ടെലിവിഷനിൽ പറഞ്ഞു. ...........(ബഹളം)........... സർ, റിപ്പോർട്ടർ ടി. വി. ഇത് റിപ്പോർട്ട് ചെയ്തു. ബഹുമാനപ്പെട്ട സ്പീക്കർ, ഇതിന് നമുക്ക് സംരക്ഷണം വേണം. ഏതെങ്കിലും ഒരു എം.എൽ.എ. അല്ല പറഞ്ഞത്. ഗവൺമെന്റ് ചീഫ് വിപ്പാണ് പറഞ്ഞത്. ...........(ബഹളം).......

ചീഫ് വിപ്പ് പറഞ്ഞതിനോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോജിക്കുന്നുണ്ടോ? ഇപ്പോൾ പ്രതിപക്ഷത്തുള്ള എം.എൽ.എ.മാരെ അപഹസിച്ച് സംസാരിക്കുന്നു. ...........(ബഹളം)...........

മി. സ്പീക്കർ : അതിന് സമയം കൊടുക്കാം. പിന്നെ സമയം കൊടുക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പ് ഇങ്ങനെ പറഞ്ഞത്, ഈ സഭയിൽ പ്രതിപക്ഷത്തുള്ള ആളുകളെല്ലാം തെണ്ടികളാണെന്ന് ആക്ഷേപിച്ചത്,...... തെണ്ടികളായിട്ട് അങ്ങ് കാണുന്നുണ്ടോ?

മി. സ്പീക്കർ : അദ്ദേഹം പറഞ്ഞോ ഇല്ലയോ എന്ന് അറിയില്ല. അദ്ദേഹത്തോട് ചോദിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇന്ന് റിപ്പോർട്ടർ ടി.വി. യിൽ കൊടുത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ...........(ബഹളം)....... ലോകം മുഴുവനും ഇത് കണ്ടതാണ്. സർ, ഞങ്ങളെ തെണ്ടികളായിട്ടാണോ ഈ ഗവൺമെന്റ് കാണുന്നത്? ഗവൺമെന്റ് ചീഫ് വിപ്പാണിത് പറഞ്ഞത്. ...........(ബഹളം).......

മി. സ്പീക്കർ : നമുക്ക് അതിനൊരു സിസ്റ്റമുണ്ടല്ലോ. അതിന് അദ്ദേഹത്തോട് വിശദീകരണം ചോദിക്കാം. അദ്ദേഹം ഈ സഭയിൽ വിശദീകരണം നടത്തും. ശ്രീ. പി. സി. ജോർജ്ജ് വിശദീകരണം നൽകാമെന്ന് ഇവിടെ എഴുതി തന്നിട്ടുണ്ട്. നിങ്ങൾ പറയുന്നതുപോലെയല്ല. നിങ്ങൾ പറഞ്ഞുവെന്ന് പറയുന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട പി. സി. ജോർജ്ജിനുള്ള നിലപാട് സഭയിൽ വിശദീകരിക്കും. അതിനൊക്കെ ഓരോ സമയമുണ്ട്. അടിയന്തരപ്രമേയ ചർച്ചയ്ക്കിടയിൽ കയറിയല്ല അത് പറയേണ്ടത്. യെസ്. ബഹുമാനപ്പെട്ട മിനിസ്റ്റർ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സഭയിൽ ഇന്നലെ പറഞ്ഞ ചർച്ചയുടെ അടിസ്ഥാനത്തിൽ ഞങ്ങൾ അങ്ങേയ്ക്കും സഭയ്ക്കും ഒരു ഉറപ്പ് നൽകിയിരുന്നു. ഈ നടന്ന സംഭവത്തെക്കുറിച്ച് എ.ഡി.ജി.പി. ശ്രീ. ഹേമചന്ദ്രനെക്കൊണ്ട് അന്വേഷിപ്പിക്കാമെന്ന് പറഞ്ഞിരുന്നു. ആ അന്വേഷണത്തിന്റെ റിപ്പോർട്ട് വന്നിട്ടുണ്ട്. ആ റിപ്പോർട്ട് ഞാൻ ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കാം. അന്വേഷണ റിപ്പോർട്ടും ഇതിന്റെ സി.ഡി. ഫയലും ഇതുമായി ബന്ധപ്പെട്ട ഫോട്ടോയുമെല്ലാം കൂടി അങ്ങേയ്ക്ക് ഞാൻ സമർപ്പിക്കുന്നതാണ്. അതെല്ലാം അങ്ങേയ്ക്ക് തരികയാണ്. ഇന്നലെ സഭയിൽ ഞാൻ കൊടുത്ത ഉറപ്പാണ്. ആ ഉറപ്പിന്റെ അടിസ്ഥാനത്തിൽ തരികയാണ്. മൂന്ന് സന്ദർഭത്തിലുള്ള സ്റ്റേറ്റുമെന്റുകൾ ഇവിടെ വന്നിട്ടുണ്ട്. ഒന്ന്, അന്വേഷണം നടത്തുന്നതിന് പോയ പോലീസ് ഉദ്യോഗസ്ഥരോട് ശ്രീമതി ഇ. എസ്. ബിജിമോളും ശ്രീമതി ഗീതാഗോപിയും ശ്രീമതി ആർ. ലതാദേവിയും പറഞ്ഞിട്ടുള്ള മൊഴി. ആ മൊഴി ഈ അന്വേഷണ റിപ്പോർട്ടിനകത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ബഹുമാനപ്പെട്ട സ്പീക്കർക്ക് രണ്ട് എം.എൽ.എ.മാർ, ശ്രീമതി ഗീതാഗോപിയും ശ്രീമതി ഇ. എസ്. ബിജിമോളും എഴുതിത്തന്ന കത്തിന്റെ കോപ്പിയും എനിക്ക് നൽകിയിട്ടുണ്ട്. ഞാൻ ആ കത്തും പരിശോധിച്ചു. ഇതോടൊപ്പം പ്രതിപക്ഷ നേതാവിന്റെ ഓഫീസിൽനിന്നും വന്ന ശ്രീമതി ഗീതാഗോപിയുടെയും ശ്രീമതി ഇ. എസ്. ബിജിമോളുടെയും ഒരു കത്തും എനിക്ക് കിട്ടിയിട്ടുണ്ട്. അത് സ്പീക്കർക്ക് നൽകിയ കത്തുതന്നെയാണെന്നാണ് വായിച്ചപ്പോൾ മനസ്സിലാകുന്നത്. ഞങ്ങൾ ഈ കത്തുകളൊക്കെ പരിശോധിച്ചപ്പോൾ പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേര് അറിയത്തില്ല, എന്നാൽ അവരെ കണ്ടാൽ അറിയാം എന്നുപറയുന്നുണ്ട്. എം.എൽ.എ.മാർക്കുണ്ടായ

വിഷമത്തിൽ ഈ ഗവൺമെന്റ് എം.എൽ.എ.മാരോടൊപ്പം തന്നെയാണ്. പൊതുപ്രവർത്തകരായിട്ടുള്ള ആളുകൾക്ക് എല്ലാ സംരക്ഷണവും കൊടുക്കണം. ഞങ്ങൾ പ്രതിപക്ഷത്ത് നിന്നപ്പോൾ കിട്ടാത്ത സംരക്ഷണം ഈ ഗവൺമെന്റ് കൊടുക്കണമെന്നുതന്നെയാണ് ഞങ്ങളുടെ നിലപാട്. അതിന്റെ കാരണം ഇന്നലെ ഞാൻ പറഞ്ഞതാണ്. ഈ സഭയിലെ മന്ത്രിമാരായി ഇരിക്കുന്ന ആളുകൾ, ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ. എ., കേന്ദ്രമന്ത്രിയായിരിക്കുന്ന ശ്രീ. കെ. സി. വേണുഗോപാൽ ഉൾപ്പെടെ ഈ സഭയിൽ സംസാരിക്കുന്ന എനിക്കടക്കം ധാരാളം മർദ്ദനവും ക്രൂരമായ പീഡനങ്ങളുമുണ്ടായിട്ടുണ്ട്. എനിക്കതിൽ പരാതിയില്ല. കാരണം ഏതെങ്കിലുമൊരു പോലീസ് ഉദ്യോഗസ്ഥൻ ചെയ്തതാകട്ടെ, ഞാൻ അവരോട് ക്ഷമിച്ചിരിക്കുകയാണ്. എനിക്കതിൽ പരാതിയില്ല. പക്ഷേ മറ്റ് എം.എൽ.എ. മാർക്കുള്ള മാന്യത പാലിച്ചുകൊടുക്കണ്ടേ; ആ മാന്യത കൊടുക്കണം. അതുകൊണ്ട് ശ്രീമതി ഗീതാഗോപിക്കും ശ്രീമതി ഇ. എസ്. ബിജിമോൾക്കും പോലീസുകാരുടെ പേര് ഐഡന്റിഫൈ ചെയ്യാൻ കഴിയാതെ വന്നതുകൊണ്ട് സ്ട്രെയിറ്റായിട്ട് എന്ത് നടപടി എടുക്കണമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. പ്രതിപക്ഷത്തുനിന്നുള്ള ആളുകളുടെ അഭിപ്രായം കേൾക്കേണ്ടിവരും. അത് കേട്ടതിനുശേഷം ബാക്കി പറയുവാനുള്ള കാര്യങ്ങൾ ഞാൻ അപ്പോൾ പറയാം. ഇതാണ് ഇപ്പോൾ എനിക്ക് സബ്മിറ്റ് ചെയ്യുവാനുള്ളത്.

<u>ശ്രീ. സി. ദിവാകരൻ</u> : സർ, നമ്മുടെ നിയമസഭാ സാമാജികരായ ശ്രീമതി ഗീതാഗോപി, ശ്രീമതി ഇ. എസ്. ബിജിമോൾ നഗരസഭയുടെ കൗൺസിലർമാരായ ശ്രീമതി ജയലക്ഷ്മി, ശ്രീമതി പുഷ്പലത അതുപോലെ തന്നെ ശ്രീമതി പത്മിനി, ശ്രീമതി മീനാംബിക തുടങ്ങിയവർ വിവിധ

എൽ.ഡി.എഫ്. മഹിളാ പ്രസ്ഥാനങ്ങളുടെ നേതാക്കൻമാരാണ്. ഇവർ ഇന്നലെ തികച്ചും സമാധാനപരമായിട്ടുള്ള ഒരു പ്രകടനത്തിന് നേതൃത്വം കൊടുത്തവരാണ്. പ്രകടനത്തിനാധാരമായ കാര്യം കേരളത്തെ ലജ്ജിപ്പിക്കുന്ന സംഭവമാണ്. സൂര്യനെല്ലി പീഡനക്കേസ്സിൽ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കണം, ശ്രീ. പി. ജെ. കുര്യന്റെ പേരിൽ നടപടി സ്വീകരിക്കണം, കേസ്സെടുക്കണം. സുപ്രീം കോടതിതന്നെ രേഖപ്പെടുത്തിയ ഞെട്ടിപ്പിക്കുന്ന സംഭവത്തിൽ തുടരന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് 4-ാം തീയതിയാണ് സഭയിൽ ചർച്ച നടന്നത്. ഇന്നലെയാണ് വനിതകളുടെ പ്രതിഷേധപ്രകടനം നടന്നത്. ഈ പ്രകടനത്തിൽ പങ്കെടുത്ത ആളുകൾ, ആഭ്യന്തരമന്ത്രിതന്നെ പറഞ്ഞ നമ്പർ വളരെ പരിമിതമായ നമ്പരാണ്. അതു കൊണ്ട് ഈ പ്രതിഷേധപ്രകടനം തികച്ചും സമാധാനപരമാണെന്ന് നമുക്ക് മനസ്സിലാക്കാം. യാതൊരു പ്രകോപനവും ഉണ്ടാക്കാൻ കഴിയുന്നതല്ല, പ്രത്യേകിച്ച് സ്ത്രീകൾ. എന്നാൽ ഇവിടെ നടന്ന സംഭവങ്ങൾ വളരെ നിർഭാഗ്യകരമാണ്. അപൂർവ്വങ്ങളിൽ അപൂർവ്വങ്ങളായ സംഭവമാണ്. ഇവിടെ നിയമസഭാ നടപടികൾ നടന്നുകൊണ്ടിരിക്കുമ്പോൾ നിയമസഭയുടെ 100 കാതമകലെ ഈ സഭയിലെ അംഗങ്ങളെ അപമാനിച്ചു. സ്ത്രീകളെ അപമാനിക്കുന്നത് ഭാരത സംസ്കാരത്തെത്തന്നെ കളങ്കപ്പെടുത്തുന്നതാണ്. സാംസ്ക്കാരികമായ അധഃപതനമാണ് ഗവൺമെന്റും പോലീസും ചെയ്തിരിക്കുന്നത്. ഏത് പ്രക്ഷുബ്ധമായ കാലാവസ്ഥയിലും സ്ത്രീകൾക്ക് ഒരു സംരക്ഷണമുണ്ട്. സ്ത്രീ അമ്മയാണ്, പെങ്ങളാണ്, സമൂഹത്തിന്റെ ഏറ്റവും കൂടുതൽ ആദരവ് അനുഭവിക്കുന്നവരാണ്, അർഹിക്കുന്നവരാണ്. രാഷ്ട്രപതിഭവന്റെ ഇടനാഴികളിലേയ്ക്ക് പതിനായിരക്കണക്കിനാളുകൾ

കയറി. കേന്ദ്രഗവൺമെന്റിന് പട്ടാളമില്ലേ? പോലീസില്ലേ? നാലഞ്ചു ദിവസം ഡൽഹിയിൽ ഭരണമില്ലായിരുന്നു. എന്നാൽ സുപ്രീംകോടതി ചീഫ് ജസ്റ്റീസ് പറഞ്ഞത് ഞാനുംകൂടി പങ്കെടുക്കേണ്ടതായിരുന്നു ഈ പ്രതിഷേധത്തിൽ എന്നാണ്. ഞങ്ങൾ അദ്ദേഹത്തെ ബഹുമാനിക്കുന്നു. ആ സംഭവത്തിൽ പ്രതികരിക്കാൻ വൈകിയതിൽ ചീഫ് മിനിസ്റ്റർ ശ്രീമതി ഷീലാ ദീക്ഷിത് പ്രധാനമന്ത്രിയെ കുറ്റപ്പെടുത്തി. തികച്ചും ന്യായമായ ഒരു കാര്യമാണെന്ന് ഇൻഡ്യൻ പ്രസിഡന്റ് പറഞ്ഞു. ഇവിടെ എന്താണ് സംഭവിച്ചത്? ശ്രീ. പി. ജെ. കുര്യന്റെ കേസ് ഞങ്ങൾ കുത്തിപ്പൊക്കിയതല്ല, അതുമായി ബന്ധപ്പെട്ട് ഏറ്റവും ഒടുവിൽ വന്ന സുപ്രീം കോടതി വിധിയാണ്. സൂര്യനെല്ലിയിലെ പെൺകുട്ടിയുടെ സമ്മതപ്രകാരമാണ് 40 പേരും പീഡിപ്പിച്ചതെന്ന ഹൈക്കോടതിയുടെ കണ്ടെത്തലുകൾ സുപ്രീംകോടതി ജഡ്ജിമാരെ ഞെട്ടിപ്പിച്ചിരിക്കുന്നുവെന്നാണ് ആ വിധിയിൽ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് 6 ആഴ്ചയ്ക്കകം ഈ കശ്മലന്മാരെയെല്ലാം പുറത്തുകൊണ്ടുവരണം, ശിക്ഷിക്കപ്പെടണം എന്നത് സുപ്രീം കോടതിയുടെ വിധിയാണ്. ആ കശ്മലന്മാരിൽ, ആ പ്രതിപ്പട്ടികയിൽ ശിക്ഷിക്കപ്പെടാതെ പോയ ചിലരെ സംബന്ധിച്ച് പുനരന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടത് ന്യായമല്ലേ; ഞങ്ങളാണോ ഇതിന് ഉത്തരവാദി; ഞങ്ങളാണോ ഡൽഹിയിൽ പ്രകടനം നടത്തിയത്; ഞങ്ങളാണോ സുപ്രീം കോടതിയെ സ്വാധീനിച്ചത്; ഞങ്ങളാണോ ഹൈക്കോടതി വിധി റദ്ദാക്കിയത്; ഞങ്ങളാണോ ഇതൊക്കെ ചെയ്തത്? ഇതുപോലൊരു സന്ദർഭത്തിൽ നിങ്ങളും രാജ്യത്തെയാകെ ബാധിക്കുന്ന ഒരു വിഷയം സഭയിൽ കൊണ്ടുവരണ്ടേ? ഞങ്ങൾ അതല്ലേ സഭയിൽ കൊണ്ടുവന്നിട്ടുള്ളൂ? അതിന്റെ ഒരു പ്രകടനം ഇവിടെ നടത്തി. ഞങ്ങൾ അവിടെ പോയിരുന്നു.

ഈ സംഭവം നടക്കുമ്പോൾ സ്ത്രീകളെ ക്രൂരമായി മർദ്ദിക്കുകയാണെന്ന് ആരോ ഇവിടെ വന്ന് പറഞ്ഞു. അപ്പോൾ കഴിയുന്നത്ര എം.എൽ.എ. മാരും പ്രതിപക്ഷ നേതാവുമായിച്ചേർന്ന് ഞങ്ങൾ സഭയിൽ നിന്ന് അവിടെ പോയി. അവിടെ പോലീസ് വളഞ്ഞിട്ടിരിക്കുന്ന ജനാധിപത്യ മഹിളാ സംഘത്തിന്റെ നേതാക്കളായ ശ്രീമതി ടി.എൻ. സീമ, മുൻ മന്ത്രി ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ അടക്കമുള്ള പലരെയും കണ്ടു. അവർ അവരുടെ പരാതികൾ പറഞ്ഞു. പ്രതിപക്ഷം അത് കേട്ട് തിരിച്ചുവന്നു. ശ്രീമതി ഇ.എസ്. ബിജിമോളും ശ്രീമതി ഗീതാഗോപിയും എവിടെയാണെന്ന് അറിയില്ലായിരുന്നു. അപ്പോൾ ശ്രീമതി ഇ.എസ്. ബിജിമോളെ അന്വേഷിച്ച് ഞങ്ങൾ പോയി. ഒരു വലിയ സൈന്യവ്യൂഹം, ഈ സൈന്യവ്യൂഹത്തിന് നടുവിൽ റോഡിൽ കിടക്കുന്നത് ഒരേ ഒരാൾ, ശ്രീമതി ഇ.എസ്. ബിജിമോൾ എം.എൽ.എ. ഇവിടെ നിങ്ങൾ ബസ്സ് തല്ലിപ്പൊളിക്കുന്ന പത്രവാർത്ത ഉയർത്തിക്കാണിച്ചു. നിങ്ങൾക്ക് ബസ്സിനോടാണോ നിങ്ങളുടെ ഒരു സഹപ്രവർത്തകയോടാണോ താൽപ്പര്യം? എന്ത് അപമാനകരമാണ്. ഇന്നലെ ശ്രീ. പി.സി. വിഷ്ണുനാഥ് അടക്കം ഇപ്പുറത്ത് വന്നിട്ടല്ലേ ശ്രീമതി ഇ.എസ്. ബിജിമോളെ ഉടനെ തന്നെ ആശുപത്രിയിൽ കൊണ്ടുപോകണം, വീൽചെയർ വേണം എന്നൊക്കെ പറഞ്ഞത്? നിങ്ങൾ അങ്ങനെ പറഞ്ഞത് നല്ല കാര്യമാണ്. ഞാൻ അതിനെ അഭിനന്ദിക്കുന്നു. ഞങ്ങളും നിങ്ങളെ സഹായിക്കാം. നിങ്ങൾ ഇന്നലെ ചെയ്തത് നല്ല കാര്യം. പക്ഷേ ഇന്ന് നിങ്ങൾ ഒരു ബസ്സിന്റെ പടമെടുത്തുകൊണ്ടുവന്നു കാണിക്കുന്നു. എത്ര രാഷ്ട്രീയ പാപ്പരത്തമാണ് നിങ്ങൾക്ക്. നിങ്ങൾക്ക് വേറെയൊന്നും പറയാനില്ലേ; നിങ്ങൾ ഇങ്ങനെയാണോ സാമൂഹിക പ്രവർത്തകരെ കാണുന്നത്? നമ്മുടെ രാഷ്ട്രീയമായ അന്ധതയാണ്, പാപ്പരത്തമാണ് ഇവിടെ തെളിയുന്നത്. ബസ്സിനെയും ബോട്ടിനെയും ചുംബിച്ച

ആളുകളാണ് അപ്പുറത്ത് ഇരിക്കുന്നത്. കരി ഓയിലിനെ ചുംബിച്ച ആളുകളാണ് നിങ്ങൾ. ഞങ്ങൾ ഒരു ഐ.എ.എസ്. കാരന്റേയും ദേഹത്ത് കരി ഓയിൽ ഒഴിച്ചില്ല. ശ്രീമതി ഇ.എസ്. ബിജിമോൾ എന്നുപറയുന്ന എം.എൽ.എ. യെ എല്ലാ പത്രത്തിലും..... നിങ്ങൾ ഇവിടെ ദീപിക പത്രമല്ലേ കാണിച്ചത്. ദീപികയിൽ പറയുന്നത് എന്താണ്? ബസ്സിടിച്ച് ശ്രീമതി ഇ.എസ്. ബിജിമോളുടെ നട്ടെല്ലും തോളെല്ലും പൊട്ടി. ഞാൻ ഒരു എം.എൽ.എ.യാണെന്ന് ശ്രീമതി ഗീതാഗോപി പറഞ്ഞപ്പോൾ അവരോട് പോലീസ് ചോദിച്ചത് എന്താണെന്ന് അറിയാമോ? 'നീ എവിടത്തെ എം.എൽ.എ. ആണെടീ, നിന്നെ ഇതുവരെ കണ്ടിട്ടില്ലല്ലോടീ, കൂടെക്കൂടെ കാണണ്ടേ, എന്നാലല്ലേ എം.എൽ.എ. ആണെന്ന് തിരിച്ചറിയാൻ പറ്റൂ.' എന്നൊക്കെയാണ്. പോലീസുകാർ ഇങ്ങനെയൊക്കെ ചോദിക്കുന്നത് അപമാനകരമല്ലേ; ഇങ്ങനെ ചെയ്യാമോ? നാളെ മന്ത്രിയോടും അവർ ഇങ്ങനെ ചോദിക്കും. ഇതെല്ലാം നമ്മൾ അനുഭവിച്ചതല്ലേ; പോലീസിനുവേണ്ടി എന്തിനാണ് വാദിക്കുന്നത്? ശ്രീമതി ഗീതാഗോപിയെപ്പോലെ പാവപ്പെട്ട ഒരു എം.എൽ.എ., ഉറക്കെ വർത്തമാനം പോലും പറയാത്ത ഒരു എം.എൽ.എ., അവരുടെ കയ്യിൽ മുറിവേറ്റത് എങ്ങനെയാണ്? ഉറക്കെ വർത്തമാനം പറയാത്ത പാവപ്പെട്ട ഒരു എം.എൽ.എ., ശാന്തയായ എം.എൽ.എ. അവരോട് ഇത്രയും ക്രൂരത കാണിക്കണോ? നമ്മുടെ എല്ലാം വീട്ടിൽ സ്ത്രീകളുണ്ട്. സ്ത്രീകളുടെ ഏറ്റവും വൈകാരികപരമായ കാര്യം, അവരുടെ താലി പൊട്ടിക്കുന്നതാണ്. ഡൽഹിയിൽ നടന്നതിനേക്കാൾ വളരെ ക്രൂരമായ പീഡനമാണ് ഒരു സ്ത്രീയുടെ കെട്ടുതാലി പൊട്ടിക്കുക എന്നത്. അതാണ് ഈ ഗവൺമെന്റ് ചെയ്തിരിക്കുന്നത്. നിങ്ങൾക്ക് എന്ത് പകരം വയ്ക്കാൻ സാധിക്കും; നിങ്ങൾക്ക് എന്ത് ബദൽ ചെയ്യാൻ സാധിക്കും; അത്

ചെയ്യാമോ? ഞങ്ങൾ ഈ പ്രശ്നത്തിലും ക്ഷമയോടുകൂടി നിൽക്കുകയായിരുന്നു. നിങ്ങൾ പ്രകോപനപരമായി ഇനി ഒന്നും ചെയ്യരുതെന്ന് ഇന്നലെ പ്രതിപക്ഷ നേതാവ് അവരോട് പറഞ്ഞു. എത്ര അടി കിട്ടിയാലും കൊണ്ടുകൊള്ളണം. കാരണം നിങ്ങൾ സ്ത്രീകളാണ്, ഞങ്ങൾ ഇക്കാര്യം സഭയിൽ ഉന്നയിക്കാം. കുറ്റവാളികളായ പോലീസുകാരുടെ പേരിൽ നടപടിയെടുക്കും. ഞങ്ങൾ സഭയിൽ ആഭ്യന്തര വകുപ്പുമന്ത്രിയോട് പറഞ്ഞിട്ടുണ്ട്. ജനാധിപത്യത്തിൽ വിശ്വാസമുള്ള, സ്ത്രീത്വത്തോട് ബഹുമാനമുള്ള, ഇന്ത്യയുടെ പാരമ്പര്യത്തോട് ബഹുമാനമുള്ള തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കാലത്ത് പോലീസ് ഒരു എം.എൽ.എ. യുടെ താലി പൊട്ടിച്ചുവെന്ന് പറയുന്നത് അദ്ദേഹത്തിന് അപമാനമായതുകൊണ്ട് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തുകൊണ്ട് അന്വേഷണം നടത്തുമെന്ന് ഉറപ്പ് കൊടുത്തിട്ടാണ് പ്രതിപക്ഷനേതാവ് വന്നിരിക്കുന്നത്. ഞാൻ അപ്പുറത്തിരിക്കുന്ന പലരേയും പോലെ സീനിയർ എം.എൽ.എ. അല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ.....നിങ്ങൾ ഒരു സീനിയർ എം.എൽ.എ. ആണ്. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. കെ.എം. മാണി, ശ്രീ. ആര്യാടൻ മുഹമ്മദ് എന്നിവരും സീനിയർ എം.എൽ.എ. മാരാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അത്ര സീനിയർ ആണോ എന്ന് എനിക്കറിയില്ല. നിങ്ങളുടെ ഓർമ്മയിൽ ഏതെങ്കിലുമൊരു എം.എൽ.എ. യുടെ താലി പൊട്ടിച്ച ഒരു സമരം ഇവിടെ ഉണ്ടായിട്ടുണ്ടോ? ഈ സഭയുടെ ചരിത്രത്തിലെ എല്ലാ രേഖയും പരിശോധിക്കണം. ഏതെങ്കിലുമൊരു രേഖയിൽ താലി പൊട്ടിച്ച ചരിത്രമുണ്ടോ? ഇതിനുമുമ്പും ഇവിടെ സ്ത്രീ എം.എൽ.എ. മാർ ഉണ്ടായിട്ടുണ്ട്. അവരെ ആരെയെങ്കിലും റോഡിലിട്ട് വലിച്ചിഴച്ച് പോലീസ് മർദ്ദിച്ച് കെട്ടുതാലി പൊട്ടിച്ചു എന്ന പരാതി ഇവിടെ ഉണ്ടായിട്ടുണ്ടോ; സാരി പിടിച്ചു വലിക്കുന്നത് നിങ്ങൾക്ക് കാണണോ?

(പത്രം ഉയർത്തിക്കാട്ടി) എന്തിനാണ് പോലീസ് സാരി പിടിച്ച് വലിക്കുന്നത്; നിർഭാഗ്യകരമല്ലേ; ഇത് ഞങ്ങൾ വെറുതെ പറയുന്നതാണോ? ഇവിടെ നടന്നത് ഞങ്ങൾക്ക് മാത്രമല്ല, കേരള നിയമസഭയ്ക്ക്, കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എ. മാർക്ക്, ഈ ലോകം മുഴുവൻ അറിയുകയാണ്. സാക്ഷര കേരളത്തിൽ, ഏറ്റവും വലിയ പ്രബുദ്ധമായ കേരളത്തിൽ, എല്ലാം സഹിക്കുകയും പൊറുക്കുകയും ചെയ്യുന്ന ജനാധിപത്യ കേരളത്തിൽ വനിതാ എം.എൽ.എ. മാരെ റോഡിൽ ഇട്ട് വലിച്ചിഴയ്ക്കുകയും താലിപൊട്ടിക്കുകയും സാരി പിടിച്ച് അഴിക്കുകയും ചെയ്തത് വളരെ ക്രൂരമായ സംഭവമാണ്? എന്നിട്ട് നിങ്ങൾ ഞങ്ങളെ ആക്ഷേപിക്കുകയാണ്, അപമാനിക്കുകയാണ്. നിങ്ങൾ ബസ്സിന്റെ പടം പൊക്കിക്കാണിക്കുകയാണ്. വേറെ ഒന്നുമില്ല നിങ്ങൾക്ക് പറയാൻ. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുന്നു, താലി പൊട്ടിച്ചില്ല, സാരി പിടിച്ച് ഉരിഞ്ഞില്ല എന്നത് നിങ്ങൾക്ക് നിഷേധിക്കാമോ; എന്തിനാണ് ശ്രീമതി ഗീതാഗോപിയെ വലിച്ചിഴച്ച് കൊണ്ടുപോയത്? അങ്ങയുടെ സാന്നിദ്ധ്യത്തിൽ ഞങ്ങൾ ആഭ്യന്തര വകുപ്പുമന്ത്രിയോട് ചോദിച്ചപ്പോൾ നന്ദാവനത്തിലേയ്ക്ക് പോകുന്ന ഒരു വണ്ടിയിൽ ഗീതാഗോപി കയറിപ്പോയി എന്നാണ് അദ്ദേഹം പറഞ്ഞത്. പോലീസ് വണ്ടി എല്ലാവരേയും കയറ്റിക്കൊണ്ട് പോകുന്നതാണോ? ഉച്ചയ്ക്കുശേഷം സ്പീക്കർക്ക് ഇക്കാര്യം സംബന്ധിച്ച അറിവ് കിട്ടി, പോലീസ് റിപ്പോർട്ട് ചെയ്തു എന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ഇപ്പോൾ എല്ലാ പത്രങ്ങളിലും അവരെ ജാമ്യത്തിൽ വിട്ടുവെന്നാണ് എഴുതിയിരിക്കുന്നത്. ഒരു ആഭ്യന്തര വകുപ്പു മന്ത്രിയോട് ശ്രീമതി ഗീതാഗോപി എവിടെ എന്ന് ചോദിക്കുമ്പോൾ എം.എൽ.എ. മാരെക്കുറിച്ച് ഇങ്ങനെയാണോ പറയേണ്ടത്. എല്ലാ എം.എൽ.എ. മാരും. കാണുന്ന വണ്ടിയിൽ കയറി നന്ദാവനം വഴി പോകണമോ; ശ്രീമതി

ഗീതാഗോപി നന്ദാവനത്തിൽ പോയത് എന്തിനാണ്? നന്ദാവനത്തിൽ എം.എൽ.എ. മാരും പ്രതിപക്ഷ നേതാവും പോയി. കസ്റ്റഡിയിലിട്ടിരിക്കുന്ന ആളുകളെ ഞങ്ങൾ അവിടെ പോയി കണ്ടു. അവരെ വിട്ടു. എന്ത് നയമാണ് ഇത്; സ്ത്രീകളോട് ഒരു പ്രത്യേക നയം വേണ്ടേ; നിങ്ങൾ ഞങ്ങളെ തല്ലിക്കോ; ഞങ്ങളുടെ തല പൊട്ടിച്ചോ; ഞങ്ങൾക്ക് അതുകൊണ്ടൊന്നും യാതൊരു കുഴപ്പവുമില്ല, പ്രശ്നമില്ല. പക്ഷേ എന്റേയും നിങ്ങളുടേയും കൂടെ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് സെക്യൂരിറ്റി വേണ്ടേ; എന്തിനാണ് ഈ കേന്ദ്ര ഓർഡിനൻസ്? 'ഇരയുടെ മൊഴി മുഖ്യമായും പരിഗണിക്കണം.' ഇവിടെ 'ഇര' യുടെ മൊഴി ശ്രീമതി ഇ.എസ്. ബിജിമോളുടെ മൊഴിയാണ്. പോലീസിന്റെ ഇര ഇപ്പോൾ അവരാണ്. 'എന്റെ കെട്ടുതാലി പോയി'യെന്ന് അവരാണ് പറയുന്നത്. അതിനെന്തിനാണ് അന്വേഷണം? ആര് വിചാരിച്ചാലും പി. ജെ. കുര്യൻ രക്ഷപ്പെടാൻ പോകുന്നില്ല. പി. ജെ. കുര്യനെതിരായ പുതിയ തെളിവുകളും വെളിപ്പെടുത്തലുകളും വീണ്ടും വന്നിട്ടുണ്ട്. പുതിയ ആളുകൾ, ബി.ജെ.പി., അച്ചൻ കുഞ്ഞ്..... ഇങ്ങനെ പലരും വരുന്നു. അന്വേഷണമില്ലെന്ന് പറഞ്ഞിട്ടില്ലായെന്ന് മുഖ്യമന്ത്രിതന്നെ പറഞ്ഞു. അതിനെയെല്ലാം ഞാൻ സ്വാഗതം ചെയ്യുന്നു. ഇക്കാര്യം ഹൈക്കമാൻഡ് ഗൗരവമായി പരിശോധിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. നിങ്ങൾക്കുള്ളതിനേക്കാൾ വളരെ മുകളിലാണ് എ.ഐ.സി.സി.-യുടെ സാംസ്ക്കാരിക നിലവാരം. ഞാൻ അവരെ അഭിനന്ദിക്കുന്നു. പി.ജെ. കുര്യന്റെ കേസ് ഗൗരവമായി പരിശോധിക്കുമെന്ന് കാര്യങ്ങൾ മനസ്സിലാക്കി എ.ഐ.സി.സി.പറയുന്നു. നിങ്ങൾ ഇവിടെ പറഞ്ഞത് - അന്വേഷണമില്ല, പി.ജെ. കുര്യൻ പരമശുദ്ധനാണ്, നിരപരാധിയാണ് എന്നെല്ലാമാണ്. ശ്രീ. പി. ജെ. കുര്യൻ കുറ്റവാളിയാണെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. ഞങ്ങൾ സുപ്രീം

കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ......., പുതിയ വെളിപ്പെടുത്തലുകളെക്കുറിച്ച് പറഞ്ഞപ്പോൾ നിങ്ങൾ ചോദിച്ചത് പണ്ട് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇരുന്നില്ലേ; നായനാർ ഇരുന്നില്ലേ; എന്നിട്ടെന്താണ് നടപടി എടുക്കാത്തത് എന്നൊക്കെയാണ്. ബണ്ടി ചോർ എന്ന കള്ളനെ പിടികൂടിയത് എത്ര കാലം കഴിഞ്ഞിട്ടാണ്? ബണ്ടി ചോറിന്റെ കേസ്സുകൾ എത്ര പഴക്കമുള്ളതാണെന്ന് അറിയാമോ? എത്രയോ പഴക്കമുള്ള 700 കേസ്സുകൾ ഇപ്പോഴാണ് പിടിച്ചത്. അതുപോലെ നിരവധി കേസ്സുകളിൽ പ്രതിയാകുന്ന ആളുകളെ കണ്ടെത്താൻ ചിലപ്പോൾ വളരെ വൈകും. അത് ന്യായീകരിക്കുകയാണോ? അതുകൊണ്ട് ശ്രീ. പി.ജെ. കുര്യന്റെ പേരിലുള്ള തുടർനടപടികളിൽ അന്വേഷണം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ മഹിളാ പ്രവർത്തകർ നടത്തിയ പ്രകടനത്തെ കടന്നാക്രമിച്ച്, സ്ത്രീകളെ ക്രൂരമായി മർദ്ദിച്ച് അവശരാക്കി ആശുപത്രിയിലാക്കി, കെട്ടുതാലി പൊട്ടിച്ച അത്യന്തം ഹീനവും സംസ്ക്കാര ശൂന്യവുമായ ഈ നടപടിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത് നടപടി എടുക്കാത്തപക്ഷം സഭ നിറുത്തിവച്ച് ഇത് പരിപൂർണ്ണമായി ചർച്ച ചെയ്യണം. ഇതിലെ കള്ളൻമാരെ, കുറ്റവാളികളെ പുറത്തുകൊണ്ടുവരണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ സംഭവങ്ങളെല്ലാം നടന്നത് തിരുവനന്തപുരം നഗരത്തിലെ എല്ലാ മാധ്യമപ്രവർത്തകരുടെയും മധ്യത്തിലാണ്. ................(ബഹളം)............. കേൾക്കൂ, ശാന്തമായി കേൾക്കൂ. ഈ സഭയിൽ ബഹുമാന്യയായ ഇ.എസ്. ബിജിമോളുടെ താലിയെ സംബന്ധിച്ച് ഒരു പരാമർശം നടത്തി. താലി എത്രയോ പവിത്രമാണ്. ആ പവിത്രതയൊന്നും നമ്മളാരും ലംഘിക്കുമെന്ന്

എനിക്ക് അഭിപ്രായമില്ല. പ്രവർത്തകരുടെ ബഹളത്തിനിടയ്ക്ക് ബഹുമാനപ്പെട്ട എം.എൽ.എ. ഇ.എസ്. ബിജിമോളുടെ കഴുത്തിൽനിന്നും പൊട്ടിവീണ മാല ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീമതി പി.കെ. ശ്രീമതി ടീച്ചറിന്റെ കൈവശം ശ്രീമതി ഇ.എസ്. ബിജിമോൾതന്നെ ഏൽപ്പിച്ചിട്ടുണ്ടെന്നാണ് എനിക്ക് കിട്ടിയ റിപ്പോർട്ട്. ...............(ബഹളം)............. ഞാൻ പറഞ്ഞല്ലോ, ...............(ബഹളം)............. മാത്രമല്ല, അങ്ങനെ മാല കൊടുക്കുന്ന പടവും പത്രങ്ങളിലൊക്കെ വന്നിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് മാല കിട്ടിയെന്നാണ്. താലി കിട്ടിയോ; താലി എവിടെ? ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ റിപ്പോർട്ട് നൽകിയ ഉദ്യോഗസ്ഥൻ ആരാണ്? ഈ റിപ്പോർട്ട് തെറ്റാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ താലിയാണ് നഷ്ടപ്പെട്ടത്. മാല കിട്ടി, താലി കിട്ടിയിട്ടില്ലായെന്നാണ് ഇപ്പോൾ മന്ത്രി പറയുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞത് ഞാൻ മുഖവിലയ്ക്ക് എടുക്കുകയാണ്. താലി കിടക്കുന്നതുകൊണ്ടാണ് മാലയ്ക്ക് പ്രസക്തിയുള്ളത്. താലിമാലയെന്നാണ് അതിന് പറയുന്നത്. അതുകൊണ്ട് ഞാൻ അതിന്റെ പ്രസക്തി വിടുന്നില്ല. ഇതെല്ലാം അടങ്ങുന്ന വീഡിയോ ചിത്രമാണ് ഞങ്ങളുടെ കയ്യിലുള്ളത്. തിരുവനന്തപുരം പട്ടണത്തിലെ മുഴുവൻ മാധ്യമപ്രവർത്തകരും ഉണ്ടായിരുന്ന സ്ഥലമാണ്. ഞങ്ങൾ എത്ര പറഞ്ഞിട്ടും പ്രതിപക്ഷത്തുള്ള സഹോദരൻമാരെ ബോധ്യപ്പെടുത്താൻ പറ്റുന്നില്ല. അല്ലെങ്കിൽ അവർ ബോധ്യപ്പെട്ടതായി നടിക്കുന്നില്ല. അതുകൊണ്ട് ഒരു കാര്യം ചെയ്യാം. ഈ പറഞ്ഞ കാര്യങ്ങളെക്കുറിച്ചെല്ലാം ഈ വീഡിയോ ചിത്രങ്ങൾ പരിശോധിക്കട്ടെ, ബാക്കി കാര്യങ്ങൾ നോക്കട്ടെ, അങ്ങുതന്നെ പരിശോധിച്ച് നോക്കട്ടെ. ഈ കാര്യങ്ങളെക്കുറിച്ചെല്ലാം ഒരു ജുഡീഷ്യൽ അന്വേഷണം നട

ത്തണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. ................(ബഹളം)............ ഇത് ജുഡീഷ്യൽ അന്വേഷണത്തിന് വിടുകയാണ്. അതുകൊണ്ട് സഭ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട കാര്യമില്ല. ................(ബഹളം)............

മി. സ്പീക്കർ. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

................(ബഹളം)............

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഇത് സംബന്ധിച്ച് അടിയന്തിര പ്രമേയം അവതരിപ്പിച്ച സഖാവ് ശ്രീ. സി. ദിവാകരൻ എം.എൽ.എ. വളരെ വിശദമായി പ്രതിപാദിച്ചിട്ടുള്ളതുകൊണ്ട് അതൊരു ആവർത്തികൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇതിനെത്തുടർന്ന് ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ മറുപടിയും കേട്ടു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ജുഡീഷ്യൽ എൻക്വയറി നടത്താമെന്ന് സമ്മതിച്ചത് നല്ലതാണ്. പക്ഷേ ഇപ്പോഴും പോലീസ് മന്ത്രിയുടെ കയ്യിൽ ശ്രീമതി ഇ.എസ്. ബിജിമോളുടെ നേരെ നടന്ന ക്രൂരമായ മർദ്ദനവും അവരുടെ കെട്ടുതാലി പൊട്ടിച്ചതുമായ പ്രശ്നത്തെ സംബന്ധിച്ച് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാർ നൽകിയ വിവരങ്ങൾ....... കണ്ടാലറിയാം, പോലീസുകാർ ആരേയും നേരിട്ട് അറിയാൻ പാടില്ലായെന്ന് ശ്രീമതി ഇ.എസ്. ബിജിമോളും മറ്റും പറഞ്ഞത് ശരിയാണ്. പക്ഷേ തെളിവുകളുടെ അടിസ്ഥാനത്തിൽ ആരെല്ലാമാണ് ഈ ക്രൂരത കാണിച്ചിട്ടുള്ളതെന്ന് പോലീസ് മെഷിനറി – ഇപ്പോൾ ഒരു ദിവസംപിന്നിട്ട് കഴിഞ്ഞു. ഇന്നത്തെ ഈ യാന്ത്രിക യുഗത്തിൽ മണിക്കൂറുകൾക്കുള്ളിൽ പോലീസിന് ഇതേപോലുള്ള കാര്യങ്ങൾ മനസ്സിലാക്കാനുള്ള സംവിധാനമുണ്ട് – ആഭ്യന്തര വകുപ്പുമന്ത്രിയെ അറിയിച്ചിരി

ക്കുകയാണ്. എന്നിട്ടും ഇതുമായി ബന്ധപ്പെട്ട, കുറ്റവാളികളായ ഉദ്യോഗസ്ഥൻമാർക്കെതിരെ അടിയന്തിരമായി സസ്പെൻഷൻ നടപടി സ്വീകരിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നതിനുമുമ്പുതന്നെ, ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ പറഞ്ഞ വാക്കിന്റെ അടിസ്ഥാനത്തിൽ ഇന്ന് ഇവിടെ പ്രഖ്യാപിക്കുമെന്നാണ് ഞങ്ങൾ കരുതിയത്. എന്നാൽ അത് ഇവിടെ കേട്ടില്ല. ഇത്തരം നീചമായ നിലയിൽ പ്രവർത്തിച്ചിട്ടും ആ കൊള്ളരുതാത്ത പോലീസുകാരെ സംരക്ഷിക്കാനുള്ള വ്യഗ്രത നമ്മുടെ ആഭ്യന്തര വകുപ്പുമന്ത്രി കാണിച്ചത് അങ്ങേയറ്റം കഷ്ടമായിപ്പോയിയെന്ന് ഞാൻ ഈ അവസരത്തിൽ അനുസ്മരിക്കുകയാണ്. അതുകൊണ്ട്, നല്ലതുപോലെ വീണ്ടുവിചാരമുണ്ടെങ്കിൽ, ബന്ധപ്പെട്ടവരെ രക്ഷിക്കാനല്ലായെങ്കിൽ, കുറ്റവാളികളായ ആളുകൾക്കെതിരെ അർഹമായ നിലയിൽ ആവശ്യമായ നടപടി സ്വീകരിക്കുവാനാണ് താൽപര്യമെങ്കിൽ ഇത് സംബന്ധിച്ച് വ്യക്തമായ ഉത്തരം ലഭിക്കണം. അങ്ങനെ സസ്പെന്റ് ചെയ്ത് ജുഡീഷ്യൽ എൻക്വയറി എന്നുള്ള നിലയിലേയ്ക്ക് ആഭ്യന്തര വകുപ്പുമന്ത്രിയുടെ അഭിപ്രായം തിരുത്താൻ തയ്യാറുണ്ടോ എന്നാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുന്നത്. അങ്ങനെ ഈ പ്രശ്നത്തിന് താൽക്കാലികമായിട്ടെങ്കിലും പരിഹാരമുണ്ടാക്കാൻ ശ്രമിച്ചാൽ അത് ഏറ്റവും അന്തസ്സായ ഒരു കാര്യമായിരിക്കുമെന്നാണ് എനിക്ക് ഈ അവസരത്തിൽ അറിയിക്കാനുള്ളത്. ഈ കാര്യത്തെ സംബന്ധിച്ച് മുഖ്യമന്ത്രി ഇടപെടുകയും ഇതിന് അർഹമായ നിലയിലുള്ള ഒരു അന്വേഷണ സംവിധാനം ഉണ്ടാക്കുകയും ചെയ്യണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഇന്നലെ ഈ സഭയിലും അതിനുശേഷം നേരിട്ടും ഈ കാര്യങ്ങൾ ഞാൻ പറഞ്ഞിരുന്നു. ഇതു സംബന്ധിച്ചുള്ള വീഡിയോ ദൃശ്യങ്ങളെല്ലാം പരിശോധിച്ചു. അതിൽ ഒരു പോലീസുകാ

രനും ഒരു കുറ്റം ചെയ്യുന്നതായി കണ്ടെത്താൻ പറ്റിയില്ല. ............(ബഹളം).............. പ്രതിപക്ഷ നേതാക്കളെയും കൂടി ഇരുത്തി ആ വീഡിയോ പരിശോധിക്കാൻ തയ്യാറാണ്. ............(ബഹളം).............. പ്രതിപക്ഷ നേതാക്കന്മാരെ...................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ വീഡിയോ പരിശോധിച്ചുവെന്ന് പറഞ്ഞു. എന്നിട്ട് പോലീസ് ഒരു കുറ്റവും ചെയ്തിട്ടില്ലെന്ന് അങ്ങ് വിധി പ്രഖ്യാപിച്ചുകഴിഞ്ഞു. മുഖ്യമന്ത്രി വിധി പ്രഖ്യാപിച്ച സാഹചര്യത്തിൽ ജുഡീഷ്യൽ എൻക്വയറി എന്തിനാണ്? എ.ഡി.ജി.പി.-യുടെ റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രഥമദൃഷ്ട്യാ കുറ്റം കാണിച്ച ആളുകളെ ഇന്നുതന്നെ സസ്പെന്റ് ചെയ്യാൻ തയ്യാറുണ്ടോ? അതാണ് അറിയേണ്ടത്.

ശ്രീ. ഉമ്മൻ ചാണ്ടി : ആരും കുറ്റം ചെയ്തിട്ടില്ലെന്ന് ഞാൻ പറഞ്ഞു വയ്ക്കുകയല്ല. പക്ഷേ വിഷ്വൽ മീഡിയാ പരിശോധിച്ചതിൽ നിന്നും ഒന്നും കണ്ടെത്താനായില്ല. എ.ഡി.ജി.പി. അന്വേഷണം നടത്തി. എ.ഡി.ജി.പി.യുടെ റിപ്പോർട്ട് കിട്ടി. അതിനുശേഷം ആഭ്യന്തര വകുപ്പുമന്ത്രിയും ഞാനും കൂടി എ.ഡി.ജി.പി.-യെ വിളിച്ചുവരുത്തി സംസാരിച്ചു. എന്നിട്ടും ഒരാളെ കണ്ടെത്താൻ സാധിച്ചിട്ടില്ല. പക്ഷേ, ശ്രീമതി ഇ. എസ്. ബിജിമോളും ശ്രീമതി ഗീതാ ഗോപിയും സ്പീക്കർക്ക് പരാതി എഴുതിക്കൊടുത്തു. സ്പീക്കർ അതിന്റെ കോപ്പി തന്നു. അവർ നേരിട്ടും തന്നു. അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഞങ്ങൾ ഗൗരവമായിത്തന്നെയെടുക്കുന്നു. വിഷ്വൽ മീഡിയ നോക്കിയിട്ട് കണ്ടെത്താൻ പറ്റുന്നില്ല. ഇന്നത്തെ എല്ലാ മാധ്യമങ്ങളിലും നിരവധി ഫോട്ടോകൾ വന്നിട്ടുണ്ട്. ദൃശ്യ മാധ്യമങ്ങളൊക്കെ ഇന്നലെമുതൽ ഇതുസംബന്ധിച്ചുള്ള ദൃശ്യങ്ങൾ സംപ്രേഷണം ചെയ്തിട്ടുണ്ട്. അതിൽനിന്നൊന്നും ആര്

കുറ്റം ചെയ്തു എന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ല. അതുകൊണ്ടാണ് വിശദമായ ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാണ് എന്ന് ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ പ്രഖ്യാപിച്ചത്. ആരുടെ പേരിലെങ്കിലും നടപടിയെടുക്കണമെങ്കിൽ അവർ കുറ്റം ചെയ്തുവെന്ന് നമുക്കുകൂടി ബോധ്യപ്പെടണം. എം.എൽ.എ.-മാർ പറഞ്ഞതിനെ മുഖവിലയ്ക്കെടുക്കുന്നു. പക്ഷേ ആര്? അതുകൊണ്ടാണ് പറഞ്ഞത് നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ ഈ വീഡിയോ ദൃശ്യങ്ങൾ നമുക്ക് ഒന്നിച്ചിരുന്ന് കാണാം, അതിൽ ഇന്നയാൾ കുറ്റം ചെയ്തുവെന്ന് നിങ്ങൾ ചൂണ്ടിക്കാണിക്കണം. ഇതുപോലുള്ള സംഭവങ്ങളിൽ നമുക്ക് ഖേദമുണ്ട്. പക്ഷേ കുറ്റം ചെയ്യാത്ത ഒരു ഉദ്യോഗസ്ഥന്റെ പേരിൽ നമുക്ക് മനസ്സാക്ഷിയനുസരിച്ച് നടപടിയെടുക്കാൻ പറ്റുമോ? ഇന്നലെ പോലീസിനെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടേറിയ ഒരു ചുമതല നിറവേറ്റേണ്ട ദിവസമായിരുന്നു. കാരണം ഈ നിയമസഭ ഇവിടെ കൂടാൻ തുടങ്ങിയിട്ട് ഇന്നുവരെ ഈ നിയമസഭയുടെ മുമ്പിൽ സമരം അനുവദിച്ചിട്ടില്ല. നിങ്ങളും ഞങ്ങളും അനുവദിച്ചിട്ടില്ല. പക്ഷേ അതിനെ മാറ്റിക്കൊണ്ട് വേറെ ചില കാരണങ്ങളൊക്കെ പറഞ്ഞ് കുറച്ചുപേർ അവിടെ കൂടി. അവിടെ സമരം നടത്തി. അമ്പലത്തിൽ പോകാനാണ് എന്ന വ്യാജേന വന്ന് അവിടെ സമരം നടത്തി. ഇതിനകത്തൊക്കെ ചില പൊതുവായ ധാരണകളുണ്ട്. ഇന്നുവരെ ഈ നിയമസഭയുടെ മുമ്പിൽ സമരം നടത്താൻ ആരും തയ്യാറായിട്ടില്ല. നിങ്ങളും തയ്യാറായിട്ടില്ല, ഞങ്ങളും തയ്യാറായിട്ടില്ല. നിങ്ങളും അനുവദിച്ചിട്ടില്ല, ഞങ്ങളും അനുവദിച്ചിട്ടില്ല. പക്ഷേ അതിൽ നിന്നും വ്യത്യസ്തമായാണ് ഇന്നലെ നടന്നത്. യാതൊരു ബുദ്ധിമുട്ടുമില്ലാതെ അത് പരിഹരിച്ചു. ഒരു കാര്യം കൂടി ഞാൻ പറയുകയാണ്. കൂടുതൽ ആളുകൾ പങ്കെടുത്ത സമരം ഈ നിയമസഭയുടെ മുമ്പിലായിരുന്നു. നിരോധിത മേഖലയിൽ കൂടുതൽ

സ്ത്രീകൾ വന്ന് സമരം ചെയ്തിട്ടും ഏറ്റവും സന്ദർഭോചിതമായ പോലീസിന്റെ ഇടപെടൽ കൊണ്ട് ഇവിടെ ഒരു പ്രശ്നവും ഉണ്ടായില്ല. പക്ഷേ പത്തുപേർ ഉണ്ടായിരുന്ന ആ പവലിയന്റെ മുമ്പിലാണ് ഈ പ്രശ്നങ്ങളുണ്ടായത് എന്നുകൂടി എല്ലാവരും അറിയുന്നത് കൊള്ളാം. .............(ബഹളം).............. അതുകൊണ്ട് ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ പറഞ്ഞതുപോലെ ഗവൺമെന്റ് ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറാണ്. .............(ബഹളം).............. അതല്ല നടപടിയെടുക്കണമെന്നുണ്ടെങ്കിൽ നമുക്ക് ഒന്നിച്ചിരുന്നു ഈ ദൃശ്യങ്ങൾ കാണാം. കണ്ടിട്ട് ആരെങ്കിലും കുറ്റക്കാരാണ് എന്ന് നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ പറ്റുമെങ്കിൽ നമുക്ക് അപ്പോൾ ആലോചിക്കാം.

ശ്രീ. സി. ദിവാകരൻ : രണ്ട് എം.എൽ.എ.-മാർ അവരുടെ അനുഭവങ്ങൾ ഈ സഭയിൽ വിളിച്ചുപറഞ്ഞതാണ്. അതിന് വിഷ്വൽ മീഡിയ പരിശോധിക്കേണ്ട കാര്യമൊന്നുമില്ല. അവർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കേസെടുക്കാം..

ശ്രീ. ഉമ്മൻ ചാണ്ടി : മിസ്റ്റർ സി. ദിവാകരൻ, അത് ഞങ്ങൾ ഗൗരവമായിട്ടെടുക്കുന്നു. പക്ഷേ ആര് അവരോട് ഈ രീതിയിൽ പെരുമാറിയെന്ന് അവർ പറയുന്നില്ല, ഞങ്ങൾക്ക് ദൃശ്യമാധ്യമങ്ങൾ കണ്ടിട്ട് ബോധ്യപ്പെടുന്നില്ല, ഈ അന്വേഷണത്തിലും അത് വ്യക്തമായിട്ടില്ല. ഇതാണ് സാഹചര്യം

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സ്പീക്കർ സർ, സൂര്യനെല്ലി പെൺകുട്ടി അവരെ പീഡിപ്പിച്ചതിനെ സംബന്ധിച്ച് 17 വർഷമായി, ഇപ്പോഴും വ്യക്തമായി ആര് എന്ന് പറഞ്ഞിട്ടുണ്ട്. ഇന്ത്യൻ യൂണിയൻ പ്രസിഡന്റ് പ്രണബ് മുഖർജി അതുസംബന്ധിച്ച് ഇന്ത്യയ്ക്കാകെ ബാധകമാകത്തക്കതരത്തിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. ഇരകളുടെ വേദനയെ

മുന്നിൽ കണ്ടുകൊണ്ടുള്ള ശിക്ഷാ നടപടികളാണ് സ്വീകരിക്കേണ്ടത് എന്ന് പറഞ്ഞിട്ടും അതിനെ കറുകപ്പുല്ലുപോലെ തള്ളിക്കൊണ്ട്, പ്രൊഫ പി. ജെ. കുര്യൻ നിഷ്ക്കളങ്കനാണ്, യാതൊരു തെറ്റും ചെയ്തിട്ടില്ല എന്ന് പറയുവാനുള്ള ചങ്കൂറ്റം കാണിച്ച ആളാണ് അപ്പുറത്തിരിക്കുന്ന നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി. ആ മുഖ്യമന്ത്രി സൂര്യനെല്ലി കേസിന്റെ കാര്യത്തെ സംബന്ധിച്ച് ഈ സഭയിൽ പറഞ്ഞത് ജനങ്ങൾ പറയുന്നതൊന്നും അനുസരിച്ച് ചെയ്യാൻ ഇവിടെ ഞങ്ങൾ സന്നദ്ധമല്ലയെന്നാണ്. അദ്ദേഹത്തിന്റെ ധാർഷ്ട്യം നിറഞ്ഞ ശബ്ദവും നമുക്ക് കേൾക്കേണ്ടതായിട്ട് വന്നു. ഇപ്പോൾ നമ്മുടെ രണ്ട് എം.എൽ.എ.-മാർ ക്രൂരമായി മർദ്ദിക്കപ്പെട്ടതിനെ സംബന്ധിച്ച് അദ്ദേഹത്തിന്റെ വ്യാഖ്യാനവും കേൾക്കാനിടയായി. ഇതുസംബന്ധിച്ച്, അപമാനിതരായ, ആക്രമണത്തിന് വിധേയരായ എം.എൽ.എ.-മാർ പറയുന്ന കാര്യങ്ങൾ മുഖവിലയ്ക്കെടുക്കാൻ അദ്ദേഹം ഇപ്പോഴും തയ്യാറല്ല. ആ നിലയിൽ എന്ത് ജുഡീഷ്യൽ എൻക്വയറിയെപ്പറ്റിയാണ് നിങ്ങൾ പറയുന്നത്?. ഒഫിഷ്യലായി സ്ഥിരം ജഡ്ജിയെ കിട്ടിയില്ല, റിട്ടയേർഡ് ജഡ്ജിയേ കിട്ടിയുള്ളു എന്ന് പറഞ്ഞുകൊണ്ട് ഏതെങ്കിലും റിട്ടയേർഡ് ജഡ്ജിയെ വച്ച് അന്വേഷണം നടത്തി അഞ്ച് കൊല്ലത്തിന് ശേഷം ഒരു വിധി വരാൻ തക്കവിധത്തിലുള്ള ഒരു റിപ്പോർട്ടിനു വേണ്ടിയിട്ടാണ് അദ്ദേഹം കാത്തിരിക്കുന്നത്. അങ്ങനെ സൂര്യനെല്ലി കേസിന്റെ കാര്യത്തിലും നമ്മുടെ സഹപ്രവർത്തകരായ രണ്ട് എം.എൽ.എ.-മാരെ ആക്രമിക്കുകയും അപമാനിക്കുകയും ചെയ്തതുസംബന്ധിച്ചുമെല്ലാം ഇങ്ങനെയുള്ള ഒരു നയം സ്വീകരിക്കുന്ന ഗവൺമെന്റിന്റെ സമീപനത്തോട് ഞങ്ങൾ ശക്തിയായി പ്രതിഷേധിക്കുകയാണ്. ഈ മർദ്ദകരായ പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തുകൊണ്ട് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിൽ കുറഞ്ഞൊന്നും ഞങ്ങൾക്ക് അംഗീകരി

ക്കാൻ കഴിയില്ല എന്നുള്ള കാര്യം ഞാനിവിടെ ബഹുമാനപ്പെട്ട സ്പീക്കറെ അറിയിക്കുകയാണ്. അത് സംബന്ധിച്ചുള്ള അങ്ങയുടെ പ്രതികരണം കൂടി മനസ്സിലാക്കിയിട്ടുവേണം ഞങ്ങൾ എന്ത് ചെയ്യാൻ പോകുന്നുവെന്നുള്ളത് അങ്ങയെ അറിയിക്കാൻ.

ശ്രീ. വി. എസ്. സുനിൽകുമാർ : (പത്രം ഉയർത്തി പിടിച്ചുകൊണ്ട്) ശ്രീമതി ഗീതാ ഗോപിയുടെ സാരിയിൽ പിടിച്ചുവലിക്കുന്ന പോലീസ് ഉദ്യോഗ സ്ഥനെ സസ്പെന്റ് ചെയ്യണം.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസ്സിന് മുന്നിലേയ്ക്ക് നീങ്ങി മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്ന തിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യപരിപാടിയിലെ അടുത്ത ഇനത്തി ലേയ്ക്ക് കടന്നു.)